## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3696 — 11- 11-2019-ൽ മറുപടിക്ക്.

# പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട സി ഡിറ്റ് സോഫ്റ്റ്‌വെയർ

**ചോദ്യം**
ശ്രീ.കെ.സി.ജോസഫ്
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.വി.എസ്.ശിവകുമാർ

**മറുപടി**
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട് സി ഡിറ്റ് ഏതൊക്കെ കരാറുകളാണ് ഏറ്റെടുത്തിട്ടുള്ളത്; മത്സരാധിഷ്ഠിത ദർഘാസ്സിലൂടെയാണോ ഈ കരാർ ലഭിച്ചത്,വ്യക്തമാക്കുമോ; | (എ) | കെഎസ്എഫ്ഇ പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട് സിഡിറ്റ് കെഎസ്എഫ്ഇയുമായി ഒപ്പു വച്ച കരാറുകൾ ചുവടെ ചേർക്കുന്നു.<br>i. കെഎസ്എഫ്ഇയുടെ വെർച്വൽ എൻആർഐ ചിറ്റ് ബ്രാഞ്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള സാങ്കേതിക സൗകര്യങ്ങളോടൊപ്പം തമ്പാനൂരിൽ കസ്റ്റമർ കോൺടാക്റ്റ് സെന്റർ സ്ഥാപിക്കുക, ആവശ്യാനുസരണം സോഫ്റ്റ് വെയർ അധിഷ്ഠിത കസ്റ്റമർ റിലേഷൻഷിപ്പ് മാനേജ്മെന്റ് സിസ്റ്റം സംയോജിപ്പിക്കുക.<br>ii. കെ.എസ്എഫ്ഇ പ്രവാസി ചിട്ടിക്കും മറ്റ് ദൈനംദിന പ്രവൃത്തികൾക്കുമായി ഒരു ഡിജിറ്റൽ ഡോക്യുമെന്റ് മാനേജ്മെന്റ് സിസ്റ്റം തയ്യാറാക്കി ഏകോപിപ്പിക്കുക.<br>iii. എൻ ആർ ഐ ചിട്ടിക്കുവേണ്ടി മൊബൈൽ ആപ്ലിക്കേഷൻ നിർമ്മിച്ചു പ്രവർത്തിപ്പിക്കുക.<br>iv. കെഎസ്എഫ്ഇ എൻആർഐ ചിറ്റ് സ്കീമിന്റെ സമാരംഭം, പ്രചാരണം, പ്രവർത്തനങ്ങൾ എന്നിവയ്ക്കായി മാർക്കറ്റിംഗ് തന്ത്രവും മീഡിയപ്ലാനും രൂപപ്പെടുത്തുക.<br>v. എൻഐസി വികസിപ്പിച്ച എൻആർഐ ചിറ്റിന്റെ പ്രധാന ആപ്ലിക്കേഷനും കെഎസ്എഫ്ഇയുടെ |

| | | | |
|---|---|---|---|
| | | | CASBA സോഫ്റ്റ്‌വെയറുമായുള്ള സംയോജനം<br>vi. പ്രവൃത്തികളുടെ നടത്തിപ്പിനു വേണ്ട സ്റ്റാഫ് സേവനങ്ങൾ, ഓൺസൈറ്റ് സാങ്കേതിക പിന്തുണ, പരിപാലനം എന്നിവ നല്കുക.<br>vii. നിലവിലുള്ള CASBA സോഫ്റ്റ് വെയർ ആപ്ലിക്കേഷന്റെ സിസ്റ്റം ഓഡിറ്റ് നടത്തുക.<br>viii. കെഎസ്എഫ്ഇയുടെ എല്ലാ ശാഖകളിലും സിസ്റ്റം ഓഡിറ്റിനൊപ്പം ഹാർഡ് വെയർ, നെറ്റ്‌വർക്കിംഗ് സംവിധാനങ്ങളുടെ ഐ.ടി-ഇൻഫ്രാസ്ട്രക്ചർ ഓഡിറ്റ് നടത്തുക.<br>മത്സരാധിഷ്ഠിത ദർഘാസ് അടിസ്ഥാനത്തിലല്ല സിഡിറ്റിന് കരാർ നൽകിയത്. സർക്കാർ അംഗീകൃത ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ (ടി.എസ്.പി) എന്ന നിലയിലാണ് കെഎസ്എഫ്ഇ മേൽപ്പറഞ്ഞ ജോലികൾ സി-ഡിറ്റിന് നൽകിയിട്ടുള്ളത്. |
| (ബി) | പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട് സി ഡിറ്റ് ഏത് സോഫ്റ്റ്‌വെയറാണ് വികസിപ്പിച്ചത് എന്നറിയിക്കാമോ; | (ബി) | കെഎസ്എഫ്ഇ പ്രവാസിചിട്ടി പ്രോജക്റ്റിനായി സി-ഡിറ്റ് താഴെപ്പറയുന്ന സോഫ്റ്റ് വെയറുകളുടെ വികസനം ഏറ്റെടുത്തു നടപ്പാക്കിയിട്ടുണ്ട്.<br>കസ്റ്റമർ കോൺടാക്റ്റ് സെന്റർ നടത്തിപ്പ്, സോഫ്റ്റ് വെയർ അധിഷ്ഠിത കസ്റ്റമർ റിലേഷൻഷിപ്പ് മാനേജ്മെന്റ് സംവിധാനം, ഡിജിറ്റൽ ഡോക്യുമെന്റ് മാനേജ്മെന്റ് സിസ്റ്റം, മൊബൈൽ ആപ്ലിക്കേഷൻ, എൻഐസി വികസിപ്പിച്ച എൻആർഐ ചിട്ടിയുടെ പ്രധാന ആപ്ലിക്കേഷനും കെഎസ്എഫ്ഇയുടെ CASBA സോഫ്റ്റ്‌വെയറുമായുള്ള സംയോജനം. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ചിട്ടിയുമായി ബന്ധപ്പെട്ട് എടുത്ത കരാർ വർക്കുകളെല്ലാം സി ഡിറ്റാണോ പൂർണ്ണമായും ചെയ്തത്; അല്ലെങ്കിൽ ഈ വർക്കുകൾ സ്വകാര്യ സ്ഥാപനങ്ങൾക്ക് ഔട്ട്സോഴ്സ് ചെയ്തിട്ടുണ്ടോ; | (സി) യും (ഡി) യും | അല്ല. സിഡിറ്റിന്റെ സാങ്കേതികവിദ്യാ പങ്കാളികൾ വഴിയാണ് മേൽപ്പറഞ്ഞ ജോലികൾ നടപ്പിലാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു. |
| (ഡി) | സി ഡിറ്റ് ഏതൊക്കെ കമ്പനികൾക്കാണ് വർക്കുകൾ ഔട്ട്സോഴ്സ് ചെയ്തത്; ഏതൊക്കെ കമ്പനികൾക്ക് നൽകിയെന്നും ഓരോ വർക്കിനും എത്ര രൂപ വീതം നല്കിയെന്നും വ്യക്തമാക്കുമോ; | | |

| ക്രമ നം. | പ്രവൃത്തിയുടെ ഇനം | നൽകിയ തുക | പാർട്ണർ സ്ഥാപനങ്ങൾ |
|---|---|---|---|
| 1 | കോൺടാക്റ്റ് സെന്റർ & കസ്റ്റമർ റിലേഷൻസ് മാനേജ്മെന്റ് സോഫ്റ്റ് വെയർ | 179.37 ലക്ഷം | ഒറിസിസ് ഇന്ത്യ കൺസൾട്ടൻസി സർവ്വീസസ്, തിരുവനന്തപുരം |
| 2 | ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം(ഡി ഡി എഫ് എസ്) | 146.1 ലക്ഷം | ഓസ്പിൻ ടെക്നോളജിസ്, ടെക്നോപാർക്ക്, തിരുവനന്തപുരം |
| 3 | പ്രവാസി ചിട്ടി മൊബൈൽ ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ | 47.77 ലക്ഷം | സാവസ് ആപ് ടെക്കീസ് പ്രൈ. ലിമിറ്റഡ്, തിരുവനന്തപുരം |
| 4 | കോൺടാക്റ്റ് സെന്റർ &ഡാറ്റ സെന്റർ-സിവിൽ &ഇന്റീരിയർ വർക്ക് | 130 ലക്ഷം | യു എൽ സി സി എസ്, കോഴിക്കോട് |
| 5 | ഡാറ്റാ സെന്റർ - ഹാർഡ്‌വെയർ | 81.34 ലക്ഷം | ടെക്പ്പൂൾ കൺസൾട്ടൻസി സർവ്വീസസ് പ്രൈ. ലിമിറ്റഡ് |

| | | | |
|---|---|---|---|
| (ഇ) | സി.എൻ.സി. എന്ന സ്വകാര്യ സ്ഥാപനത്തിന് പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട് ഏതൊക്കെ വർക്കുകളാണ് നൽകിയിരിക്കുന്നത്; എത്ര രൂപയ്ക്കാണ് ഓരോ വർക്കും ഈ സ്ഥാപനത്തിന് നൽകിയത്; വ്യക്തമാക്കുമോ? | (ഇ) | കെഎസ്എഫ്ഇ പ്രവാസി ചിട്ടി പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു ജോലിയും സി.എൻ.സി എന്ന സ്ഥാപനത്തിന് സി-ഡിറ്റ് നല്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ